# KERALA POLICE INFORMATION CENTRE

**No.** 12/PIC/PHQ/10 **Date : 08 /02/10**

## ഫോറൻസിക് സയൻസ് ലബോറട്ടറി – കുറ്റാന്വേഷണ രംഗത്തെ മുതൽക്കൂട്ട്

കേരളാ പോലീസ് വകുപ്പിൻ കീഴിലുള്ള ഫോറൻസിക് സയൻസ് ലബോറട്ടറി 1961 ഫെബ്രുവരി മാസം 3-ാം തീയതി തിരുവനന്തപുരത്ത് സ്ഥാപിതമായി. സ്റ്റേറ്റ് ഫോറൻസിക് ലാബിന് പുറമേ തൃശ്ശൂരും കണ്ണൂരും റീജിയണൽ ഫോറൻസിക് ലാബുകളും കൂടാതെ 17 പോലീസ് ജില്ലകളിലും മൊബൈൽ ഫോറൻസിക് ലാബുകളും പ്രവർത്തിക്കുന്നുണ്ട്.

തിരുവനന്തപുരത്തെ ഫോറൻസിക് സയൻസ് ലാബിൽ ബയോളജി, സിറോളജി, കെമിസ്ട്രി, എക്സ്പ്ലോസീവ്, ഫിസിക്സ്, ബാലിസ്റ്റിക്സ്, ഡോക്യുമെന്റ്സ്, ഡി.എൻ.എ, സൈബർ ഫോറൻസിക് തുടങ്ങി 11 വിഭാഗങ്ങളാണുള്ളത്. പോളിഗ്രാഫ് ടെസ്റ്റ്, ഡി.എൻ.എ അനാലിസിസ്, സൈബർ ഫോറൻസിക് എന്നീ വിഭാഗങ്ങൾ അടുത്തകാലത്തായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളവയാണ്.

ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ കുറ്റകൃത്യം നടന്ന സ്ഥലം വിശദമായി പരിശോധിക്കുന്നതിനും തെളിവുകൾ ശേഖരിക്കുന്നതിനും അവ ശാസ്ത്രീയമായി പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനുമുള്ള സൗകര്യങ്ങൾ ലഭ്യമാണ്.

കുറ്റകൃത്യം നടന്ന സ്ഥലത്തുനിന്നും ശാസ്ത്രീയമായ രീതിയിൽ തെളിവുകൾ ശേഖരിക്കുന്നതിനായി ഒരു സയന്റിഫിക് അസിസ്റ്റന്റിന്റെ സേവനം അന്വേഷണ ഉദ്യോഗസ്ഥന്റെ ആവശ്യപ്രകാരം നൽകി വരുന്നു. സയന്റിഫിക് അസിസ്റ്റന്റ്, അന്വേഷണ ഉദ്യോഗസ്ഥനെ തെളിവുകൾ നഷ്ടപ്പെടാതെ ശേഖരിക്കുന്നതിന് സഹായിക്കുന്നു. ഇത് കൂടാതെ ഫോറൻസിക് വിദഗ്ധർ കുറ്റകൃത്യം നടന്ന സ്ഥലം ശാസ്ത്രീയമായി പരിശോധിച്ചശേഷം  വിശദമായ റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥന് കൈമാറുകയും ചെയ്യുന്നു.

പാക്ക് ചെയ്ത് സീൽ ചെയ്യുന്ന തെളിവുകൾ ലബോറട്ടറിയിൽ എത്തുമ്പോൾ ബന്ധപ്പെട്ട ഡിവിഷനുകളിൽ പരിശോധന നടത്തിയശേഷം, ആയതിന്റെ റിസൽട്ട് കോടതിയിലേക്കും പകർപ്പ് അന്വേഷണ ഉദ്യോഗസ്ഥനും തുടർ നടപടിക്കായി അയയ്ക്കുന്നു. കേസ് അന്വേഷണത്തിനും കോടതികളിൽ കേസുകൾക്ക് തീർപ്പു കൽപ്പിക്കുന്നതിനും ശാസ്ത്രീയ തെളിവുകൾ സുപ്രധാനമായ പങ്കാണ് വഹിക്കുന്നത്. 2007 ൽ 1245 കേസ്സുകളിലേയും 2008 ൽ 1644 കേസ്സുകളിലേയും 2009 ൽ 2174 കേസ്സുകളിലേയും തെളിവുകൾ പരിശോധിച്ച് ബന്ധപ്പെട്ട കോടതികളിൽ സമർപ്പിച്ചിട്ടുണ്ട്.

പോലീസ് സേനയിലെ വിവിധ റാങ്കുകളിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് പുറമെ, ജുഡീഷ്യൽ സർവ്വീസിലെ മുതിർന്ന ഉദ്യോഗസ്ഥർക്കും ഫോറൻസിക് വിഷയങ്ങളിൽ ഇവിടത്തെ ശാസ്ത്രജ്ഞർ പരിശീലന ക്ലാസ്സുകൾ നൽകി വരുന്നു.